# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3682 — 23.08.2017-ൽ മറുപടിയ്ക്ക്

**ലോട്ടറി വില്പന വഴിയുള്ള വരുമാനം**

| ചോദ്യം<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.എസ്.ശിവകുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭാഗ്യക്കുറി വകുപ്പ് ഏതെല്ലാം പുതിയ ലോട്ടറികളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഇതിന്റെ വില്പന വഴിയുള്ള വരുമാനം ഏതെല്ലാം ഉദ്ദേശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | (എ) | ഭാഗ്യക്കുറി വകുപ്പ് നിലവിൽ പുതിയ ലോട്ടറികളൊന്നും ആരംഭിച്ചിട്ടില്ല. പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളും തിരുവോണം ബമ്പർ, പൂജാ ബമ്പർ, ക്രിസ്തുമസ്-ന്യൂ ഇയർ ബമ്പർ, മൺസൂൺ ബമ്പർ, സമ്മർ ബമ്പർ, വിഷു ബമ്പർ എന്നീ 6 ബമ്പർ ഭാഗ്യക്കുറികളുമാണ് വകുപ്പ് നടത്തി വരുന്നത്. വെള്ളിയാഴ്ചകളിൽ നറുക്കെടുത്തിരുന്ന ഭാഗ്യനിധി ഭാഗ്യക്കുറി റദ്ദാക്കി പകരം നിർമ്മൽ ബൈ വീക്കിലി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തി വരുന്നു.<br><br>കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നുള്ള അറ്റാദായം ചികിത്സാ ധനസഹായം നൽകുന്നതിനായുള്ള കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനാണ് വിനിയോഗിക്കുന്നത്. സ്ത്രീശക്തി ഭാഗ്യക്കുറിയിൽ നിന്നുള്ള അറ്റാദായം സ്ത്രീകളുടെ സർവ്വതോന്മുഖമായ വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായുള്ള 'സ്ത്രീശക്തി' പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>മറ്റ് പ്രതിവാര ഭാഗ്യക്കുറികളിൽ നിന്നും ബമ്പർ ഭാഗ്യക്കുറികളിൽ നിന്നുമുള്ള വരുമാനം ട്രഷറി മുഖേന സർക്കാർ ഖജനാവിലേക്ക് ഒടുക്കുന്നു. |
| (ബി) | ലോട്ടറികളുടെ സമ്മാന ഘടനയിലും വില്പനയിലും എന്തെല്ലാം മാറ്റങ്ങളാണ് | (ബി) | 50/-രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ മുഖവില കൂടി 30/- രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ |

| | | | |
|---|---|---|---|
| | വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | | പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30/- രൂപയാക്കി ഏകീകരിക്കുകയും, പ്രൈസിൽ 5% കൂടി വർദ്ധനവ് വരുത്തിക്കൊണ്ടും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയും 2017 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാന ഘടനകൾ പരിഷ്കരിച്ചിരുന്നു. 01.07.17 മുതൽ കേരള സംസ്ഥാന ഭാഗ്യക്കുറിയിൻമേൽ 12% ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.80/- രൂപയായും ജി.എസ്.ടി. തുക കൂടി ചേർത്ത് പരമാവധി വിൽപ്പന വില 30/- രൂപയായി നിജപ്പെടുത്തിക്കൊണ്ടും 50% ത്തിനു മുകളിൽ സമ്മാനത്തുക അനുവദിച്ചു കൊണ്ടും 15.07.17-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാന ഘടനകൾ വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്. 12 പരമ്പരകളായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലും 10,000/- രൂപയുടെ സമാശ്വാസ സമ്മാനം ഒഴിവാക്കിയുമാണ് സമ്മാനഘടന ആവിഷ്കരിച്ചിരിക്കുന്നത്.<br>പൗർണ്ണമി, വിൻവിൻ എന്നീ ഭാഗ്യക്കുറികളുടെ 1-ാം സമ്മാനം 65 ലക്ഷം രൂപയാക്കി നിലനിർത്തിയിട്ടുണ്ട്. സ്ത്രീശക്തി ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനത്തുക 60 ലക്ഷം രൂപയായും അക്ഷയ ,കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ 1-ാം സമ്മാനം 50 ലക്ഷം രൂപയായും നിർമ്മൽ ഭാഗ്യക്കുറിയുടെ 1-ാം സമ്മാനം 70 ലക്ഷം രൂപയായും കാരുണ്യ ഭാഗ്യക്കുറിയുടെ 1-ാം സമ്മാനം 75 ലക്ഷം രൂപയായും കുറച്ചിട്ടുണ്ട്. എന്നാൽ സമ്മാനങ്ങളുടെ ആകെ എണ്ണത്തിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് പുറമേ ഭാഗ്യക്കുറി സബ് ഓഫീസ് മുഖേനയും നിലവിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ.**